# ജി എച്ച് എസ് എസ് ചിതറ



# വെളിച്ചം

ജില്ല

**കൊല്ലം**

വിദ്യാഭ്യാസജില്ല

**പുനലൂർ**

സബ്ജില്ല

**ചടയമംഗലം**

സ്കൂൾകോഡ്

40035

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : നസീമ എ ആർ
(ഹെഡ്മിസ്ട്രസ്)

സ്റ്റാഫ് എഡിറ്റേഴ്സ് : സരിത എസ് മോഹൻ
:ഹേമ എച്ച്
( കൈറ്റ് മാസ്റ്റേഴ്സ്)

സ്റ്റുഡൻറ് എഡിറ്റർ : റിംന ഫാത്തിമ
( കൈറ്റ് ലീഡർ)

സബ് എഡിറ്റേഴ്സ് :ആലിയ റഹ്മത്ത്
ആദില റഹ്മത്ത്
ദേവിക
ജന്മ ഭദ്ര
ജിയ
ഹാജിറ
ഫവാസ്

കവർ ഡിസൈനിംഗ് : അൽന ഫാത്തിമ

സർഗ്ഗാത്മകതയുടെ ചിറകു വിടർത്തി വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തമായ വിഹായസ്സിലേക്ക് പറന്നുയരാൻ വെമ്പുന്ന കുട്ടിപ്പട്ടങ്ങളുടെ കൂട്ടുകാരായ ചിതറ ഗവ എച്ച് എസ് എസിലെ കുഞ്ഞുമക്കൾക്ക് എന്നും വിജയ സോപാനങ്ങളിലേക്ക് പറന്നുയരാൻ കഴിയട്ടെ....

വരികളും വരകളുമായി സർഗ്ഗചിന്തകളോടെ മനുഷ്യമനസ്സിൻെറ ഭാവതലങ്ങൾ തൊട്ടുണർത്താൻ ഉത്സുകരായി നിൽക്കുന്ന പ്രതിഭാധനരായ കുഞ്ഞുമക്കൾഎന്നെന്നും സത്യവും ധർമ്മവും നന്മയും ചൈതന്യവും കൈകോർക്കുന്ന ഭാവിയുടെ വാഗ്ദാനങ്ങളായി,പുതുമയുടെ ശിൽപികളായി,വിവരവിനിമയസാങ്കേതിക വിദ്യയുടെ വരദാനങ്ങളായി മാറാൻ ദൈവം അനുഗ്രഹിക്കട്ടെ.....

ആശംസകളോടെ

ഹെഡ്മിസ്ട്രസ്

നസീമ എ ആർ



ശാസ്ത്രത്തിൻെറയും വിവരസാങ്കേതിക വിദ്യയുടെയും വിജ്ഞാന വിസ്ഫോടനത്തിൻെറയും സാധ്യതകളുടെയും വിസ്മയ ലോകത്തേക്ക് മെല്ലെ മെല്ലെ ചുവടുകൾ വയ്ക്കുമ്പോഴും വർണ്ണപ്പട്ടങ്ങളേന്തുന്ന കുഞ്ഞുമനസ്സുകൾ അവരുടെ ചുറ്റുപാടുകളുമായി അഭിരമിക്കുകയാണ് എന്നതാണ് സത്യം. മാരിവില്ലിൻെറ മനോഹാരിതയിലേക്ക് പാറിയുയരുന്ന ശലഭങ്ങളായും ചക്രവാളങ്ങൾ തേടുന്ന പക്ഷികളായും എങ്ങും വിഹരിക്കുകയാണ് ആ സ്വപ്നച്ചിറകുകൾ.അവയിൽ സർഗ്ഗാത്മകതയുടെ വർണ്ണപ്പീലികൾ നിവർക്കപ്പെടുമ്പോൾ സൗരഭ്യം പരത്തുന്ന സർഗ്ഗവസന്തം ഇതൾ വിരിക്കപ്പെടുമ്പോൾ ആനന്ദത്തോടെ സാക്ഷികളാവുക......

ചെറുപട്ടങ്ങളേന്തുന്ന കൈകൾക്ക് അക്ഷര ദീപങ്ങളാൽ നേരിൻെറ പ്രകാശം പരത്തുവാനും കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

ശശികല.ആർ

(എസ് ആർ ജി കൺവീനർ)

# ആമുഖം

കാല ഘടികാരത്തിന്റെ ചാക്രിക ചലനങ്ങളിൽആർദ്രമായ ഹിമകണം പോലെ നശ്വരമായ ജീവിതപഥങ്ങളിൽഅറിവിന്റെ മഹാവെളിച്ചത്തെ ഹൃദയത്തിന്റെ ഇടനാഴിയിലേയ്ക്ക് പകർന്നു വയ്ക്കുന്ന സരസ്വതീക്ഷേത്രം........

തിരുത്തലുകളുടെയും തിരിച്ചറിവിന്റെയും വെള്ളക്കടലാസിലേയ്ക്ക് പടർന്നുവീഴുന്ന അക്ഷരത്തുള്ളികൾക്ക് വിജയരഥങ്ങളുടെ അവസാനിക്കാത്ത കഥകൾ പറയാൻ എന്നും കരുത്തായ സ്നേഹവീട്.........

ആകാശത്തിനു ചുവട്ടിലെ കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൾ കാലങ്ങളെ വരച്ചിടുമ്പോൾ ലോകം മുഴുവൻ ഒന്നിലേയ്ക്ക് ആവാഹിക്കപ്പെട്ട് തുല്യമായി വീതിയ്ക്കപ്പെടുന്ന സമുദ്രത്തിന്റെ ആഴത്തിരമാല......

ആഴത്തിരമാലയിലിറങ്ങി ശാസ്ത്രാവബോധത്തിന്റെ മുത്തുകൾ പെറുക്കാനും അദ്വൈതാമലഭാവസ്പന്ദിത വിദ്യുന്മേഖല പൂകാനും മൂല്യബോധത്തോടെ വളരുന്ന കുരുന്നുകൾക്കാകട്ടെ......

" ഒരു വിത്തിനകത്തെത്ര വസന്തങ്ങൾ
ഒരു ഹൃത്തിനകത്തെത്ര രഹസ്യങ്ങൾ"

# കവിതകൾ

# ഏകനിത്യനായ ഞാൻ

മഴയെന്നും വല്ലാത്തൊരു വികാരമാണ്
വേനലിനെ മരവിപ്പിക്കുന്ന,
മന്ദസ്മിതമായ നോവിനെ ഉണർത്തുന്നയൊരു വികാരം...
മൊഴിയുവാൻ ഇനിയും കനിവില്ല...

അരണ്ട കാർമേഘം എങ്ങും വാനിങ്കൽ
ഖിന്നത വിങ്ങുന്ന തണുത്ത കാറ്റും
ജനലിന്റെ അഴികളിൽ മറന്ന് പോയതും
അറിഞ്ഞില്ല... ചൊന്നതുമില്ല...

വിദൂരമല്ല നിൻ അന്ത്യം
തുണയില്ല നിനക്ക് ആരും
വിധി മൊഴിയുവാൻ ഞാനും
കനിയില്ല ഒന്നും...

മർത്ത്യ നീ മറന്ന് എന്തോ?
ഞാൻ ഓർമ്മിച്ചത് എന്തോ?
മറവിയുടെ മാധുര്യം ഞാൻ ചൊല്ലാം
മറവിയുടെ വേദന നീ നുണയും

അറിയാതെ നീ എന്നെ പുണർന്നു...
ഞാനും ഭൂമിയെ സ്പന്ദിച്ചു
വേരറ്റ സ്നേഹത്തിനു നീ തന്നത്
ഏറിയ വേദന മാത്രം

കനിഞ്ഞവരോടും നീ നേർപ്പിച്ചത്
അവജ്ഞ...

ഞാൻ ക്രോധത്താൽ നിന്നെ അണിയുന്നു
മധുവാർന്ന എൻ തുള്ളികളെ
നീ ആസ്വദിച്ചു കൊള്ളു
ഞാൻ നിന്നെ അവഗണിച്ചു കൊള്ളാം...

ആഷ്ന ഷംനാദ് 10 സി

# കൊറോണ

കൊറോണയെന്നുള്ള മഹാമാരിയെ
മറക്കുമോ മാനുഷനുള്ള കാലം?
ബന്ധവും സ്വന്തവും ഇല്ലാതെയോടിയ
മർത്യനെ വീട്ടിലിരുത്തി രോഗം.

ചൈനയിലുള്ള വുഹാനെന്ന ചന്തയിൽ
മാംസത്തിൽ നിന്നും പകർന്ന രോഗം.
ലോകരാജ്യങ്ങളെ ഒന്നായ് തകർക്കുവാൻ
കഴിവുള്ളതാണീ കൊറോണ രോഗം.

പലപല രാജ്യങ്ങൾ താണ്ടിയ വൈറസ്
നിരവധി മർത്യരെ കൊന്നൊടുക്കി
ദൈവത്തിൻെറ സ്വന്തം നാടെന്നു പേരുള്ള
കേരളക്കരയിലും രോഗമെത്തി.

പിന്നെ പടർന്നത് പലപല ജില്ലയിൽ
ഒടുവിലായ് കൊല്ലത്തും രോഗമെത്തി.
രോഗത്തെ നാട്ടിൽ നിന്നോടിക്കുവാനായി
ലോക്ഡൗണുമെത്തി പിറകെയായി.

മാതാപിതാക്കളെ നോക്കാത്ത മക്കളും
ലോക്ഡൗണിൽ പെട്ട് വീട്ടിലായി.
മദ്യമില്ലാതൊരു ആഘോഷമില്ലാത്ത
മർത്യന് മദ്യവും കിട്ടാതെയായ്.

നാൾക്കു നാൾ പെരുകുന്ന പീഡനക്കേസുകൾ
നാട്ടിലായൊന്നും കേൾക്കാതെയായ്.
ദിവസവും കേൾക്കുന്ന വാഹനാപകടം
പേരിനു പോലും കേൾക്കാതെയായ്.

നമ്മുടെ നാട്ടിലെ പുതിയ നടപടി
ലോകമൊട്ടാകെയും ശ്രദ്ധ നേടി.
നിരവധി ആൾക്കാരെ കൊല്ലുവാനാകാതെ
സ്തബ്ധനായ് നിന്നു കൊറോണ പോലും.
അഭിമാനപൂർവ്വം പറഞ്ഞിടുമെന്നും ഞാൻ
കേരളമെന്നുടെ സ്വന്തമെന്ന്
പ്രാർത്ഥിച്ചിടാം നമുക്കെന്നും തണലേകും
നമ്മുടെ മാലാഖമാർക്കു വേണ്ടി

**റിംനഫാത്തിമ 9എഫ്**

# തോരാത്തൊരീ മഴ

ഹൃദയത്തിനുള്ളിൽ  തീരാവിങ്ങലോടെ-
നീപെയ്യൊരാ വീർത്ത മഴത്തുള്ളി.....
എന്റെ മനസ്സിന്റെ ഉൾക്കാമ്പിനുള്ളിൽ
നിന്നുടെ നീറ്റൽ ഞാൻ ചൂഴ്ന്നറിയുന്നു.....

നീ നനഞ്ഞൊരാ തോരാ മഴയിൽ
എത്രയോ കണ്ണുനീർ നീ      പൊഴിച്ചിട്ടുണ്ടായിരിക്കാം
നിന്റെ വേദനയിൽ ഞാൻ വേദിക്കുകയാണ് !.
മനസ്സിന്റെ ഉൾവലിയിൽ നിന്റെയാപിരിമുറുക്കം
എന്റെ മനസ്സിനെ പിന്നിലേക്കാനയിക്കുന്നു.......

നീ എത്രയോ തോരാ മഴ-
നനഞ്ഞിട്ടുണ്ടായിരിക്കാം.....
മഴത്തുള്ളികളാൽ നിന്റെ ഞാൻ  കണ്ണുനീർ
എന്തെന്നും ഏതേന്നുമർക്കറിയാം !
നിന്നിലെ ഉള്ളം ഇരുളിന്റ അനന്തതയാൽ
മനസ്സിലാക്കുന്നുയവനികെ നിന്നെ ഈ  ഞാൻ...

നിന്നിലെ  ലോലമായ ഹൃദയത്തിൽ
ആർദ്രമായ മഴയോടൊപ്പം ചേതനയിലും
എന്റെ പ്രണയം ഞാൻ പങ്കിടുന്നു....

നീ വർണ്ണിച്ച ഓരൊതുള്ളികയും
എന്റെ  ജീവന്റെ തുടുപ്പായ് മാറിടുന്നു...
ഇത്ര നിഷ്കളങ്കമായ നിന്റെ മനസ്സ്-
ആസ്വദിച്ച ഈ മഴയ്ക്ക് ഇത്രയും-
കടുപ്പമെന്ന്  ഞാൻ അറിയാൻ ഏറെ-
വൈകിയിരിക്കുന്നു .....

നിന്റെ മഴത്തുള്ളിയൊടൊപ്പം നിൻ
ജീവനും എൻ മാറോട്ടുചേർത്തിടാം  ഞാൻ....

ദേവിക ഷാജി
10ഇ

# വേർപാട്

വിടപറയും  വേളയിൽ എരിയുന്നു ചിന്തകൾ
പൊഴിയുന്നു കണ്ണുനീർ പൂവണിയാ സ്വപ്നങ്ങൾ
ഇനിയെത്ര നാളുകൾ മധുരമാം ഓർമ്മകൾ
മനസിൻെറ കോവിലിൽ തങ്ങി നിൽക്കും?
ഇനിയെന്ന് കാണുമെന്നറിയാതെ അകലുമ്പോൾ
സ്നേഹമാം സത്യത്തിൻ ബാഷ്പബിന്ദു
അറിയാതെ കണ്ണുകൾ നിറയുന്നു എന്തിനീ
കാലത്തിൻ ഗതിയിത്ര വേഗത്തിലായ്..
കാണുന്ന വേളയിൽ മധുരമാം പുഞ്ചിരി
നൽകാൻ മനസാക്ഷി വെമ്പി നിൽക്കേ
അറിയുമോ നീയെന്നെ എൻ പ്രിയസോദരി
അന്നു നീയെന്നെ മറന്നിടല്ലേ....
സ്നേഹത്താൽ മനസാക്ഷി ഉരുകുന്ന ചൂടുമായ്
നിന്നെ പിരിഞ്ഞു ഞാൻ പോയിടുമ്പോൾ
കാലത്തിൻ ഗതിവിട്ടെൻ അന്ത്യമാം യാത്രയിൽ
'ഒരിറ്റു കണ്ണുനീർ വീഴ്ത്തിടാമോ'?....

റിംന ഫാത്തിമ

9എഫ്

# ഈറൻ കാറ്റ്

നിൻ മൃദുല തലോടൽ
എൻ മനസ്സിനെ തഴുകി
നിൻ ഈറൻ കൈകളാൽ
നീ മനസ്സിൽ ഒഴുകി
തളിരിലകളെ തഴുകുന്ന നിൻ സ്പർശനം
എൻ നെഞ്ചിൽ അലയടിക്കുന്നു
നിൻ സ്വരമാധുരി
എൻ കാതുകളിൽ വീശി
നിൻ ദൂരം ഞാൻ അളന്നു
നിൻ വേഗത ഞാൻ അറിഞ്ഞു
എൻ പാതയിൽ നീ ഒഴുകവേ
എൻ വീഥിയിൽ നീ അലയവേ
നീ എന്നിലായി അലിയുമ്പോൾ
ഞാൻ നിന്നിലായി ഒഴുകുന്നു
ആനന്ദ വീഥിയിൽ നീ എന്നും നിറയവേ
മലമുകളിൽ മേലെ
ഇതളുകളിൽ ഒഴുകി
ധരണിയെ തഴുകി
ഒഴുകുന്ന നിൻ മൃദുലമാം
പാതയിൽ ഞാൻ
നിൻ വരവിനെ കാത്തു
അലയുന്നു വീഥിയിൽ

അൽഷ 9സി

# ചന്ദ്രികയാം പൂവേ...

അസലിൻ ചേലോ
താമരപ്പൂവിൻ ഇതളോ
വിടർന്ന നിഷാഗന്ധിയോ
ചന്ദ്രനെ തഴുകുന്ന തളിർമുല്ലയോ

തുമ്പപ്പൂവിൻ ചിരിയാൽ
മനസ്സാൽ മയങ്ങുന്ന ചേലണിപ്പൂവേ
നിൻ ചിരിയാൽ മാറുന്നു എൻ ഉള്ളം
നിൻ കാന്തിയാൽ തളിർക്കുന്നു
എൻ മോഹം....

പൂവേ നീ എങ്ങനെ ശോഭയായ്
പൂവേ നീ എങ്ങനെ കാന്തിയായ്
നിൻ മിഴിയിണ മാനം തൊട്ടു നിൽക്കെ
ചിരിക്കുന്ന ഇതളാൽ മനസ്സുനിറയ്ക്കെ

ആകാശത്തിൻ താഴെ
പച്ചപ്പരവതാനിക്കു മേലെ
വർണ്ണക്കടലാസിൽ പൊതിഞ്ഞ
ഇതളാൽ നീ എൻ കരളിൽ
ഹരിതവർണ്ണശോഭയിൽ നിറയുന്നു
നിൻ തളിരിലകൾ.....

ശോഭയാക്കുന്ന നിൻ ഉടലിൽ
വർണ്ണമായ് ചേരുന്നു
പുതു പ്രഭാതത്തിൽ കുളിരണിയിക്കുവാൻ
വിടരുക നീ വീണ്ടും വീണ്ടും.....

ദേവിക ഡി വി 9സി

# സൂര്യൻ

നിൻ മുഖം എന്തിന് ചുവന്നിരിക്കുന്നു.
സന്ധ്യയുമായ് നിനക്കെന്തിനു പിണക്കം.
രക്തവർണ്ണ ജ്വാലയായ്
കത്തിയെരിയും നിൻ ഉടലും
എന്തിനു നീ കോപിക്കുന്നു.
പുലരിയുമായ് സൗഹൃദവും
സന്ധ്യയുമായി പിണക്കവും.
നീയുണരുമ്പോൾ ഞാൻ ഉണരും
നീ ഉറങ്ങുമ്പോൾ ഞാൻ ഉറങ്ങും.
ചന്ദ്രനെ പ്രകാശിപ്പിക്കുന്നതു നീയല്ലേ
ഗ്രഹങ്ങളെ നിയന്ത്രിക്കുന്നതും നീയല്ലേ....
നിൻ കിരണങ്ങൾ എൻ മിഴിയിണകളെ
നിത്യം തഴുകുന്നു
കടൽ നിന്നെ എന്നിൽ നിന്നകറ്റുന്നു
വരും പുലരിയെ കാത്ത്
നിൻ വരവിനെ കാത്ത് ഞാൻ
മിഴിയിണകൾ പൂട്ടുന്നു.....

അർജുൻ എ എസ്



# കൂട്ടുകാരൻ

കൂട്ടുകൂടാനായെൻ
കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റ കിളീ......
കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
കാടായ കാടെല്ലാം,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ  കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകിലെ കൊഞ്ചിചിലച്ചും
കിളികൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനവിൻ്റ കനിവാ,മെൻ
കരളിൻ കരളായ
കളികൂട്ടുകാരൻ.........

-അഹ് ലം എസ്
9C

# നീ

നോവിന് വേനലിൽ
ചൂടിനാൽ പൊള്ളുമ്പോൾ
കുളിരേകം തണലുനീ
അഴലിൻെറ ആഴിയിൽ
മുങ്ങി ഞാൻ താഴവേ
രക്ഷയായ് വന്നൊരു
വൈക്കോൽ തുരുമ്പുനീ
നൊന്തുകൊണ്ടെൻ മനം
കരയുന്നനേരത്തു പുഞ്ചിരി
വിരിയിക്കും മാരിവില്ലാണ്
നീ.........

–ആരോമൽ 9.C

# മേഘം

നീലവാനിൻ നടുവിലെ
തളിർമെപല്ലയായ് നീ എങ്ങനെ പൂത്തു
പഞ്ഞിപോൽ മൃദുലമാം നിൻ രൂപം
തഴുകുന്നു എൻ മനസ്സിനെ

ഏറെ ഞാൻ കൊതിക്കുന്നു
നിൻ ചാരത്തെത്താൻ
നിൻ അരികിലായി
ചേർന്നണയുവാൻ

സപ്ത 9സി

# പുഴയുടെ ശ്രുതി

പർവ്വതനീരിൽ ജന്മം കോണ്ട നീ
നിൻ ഓളങ്ങളാൽ തെളിഞ്ഞൊഴുകുന്നു
എൻ ധരണിയെ കുളിർപ്പിക്കുവാൻ
എൻ മനസ്സിനെ തണുപ്പിക്കുവാൻ
എൻ ദാഹത്തെ ശമിപ്പിക്കുവാൻ
നിൻ ഒഴുക്കിന്റെ ഭംഗിയിൽ
ഞാൻ സർവ്വതും മറന്നുനിന്നു
നീ എങ്ങോട്ടുപോകുന്നു
നിന്റെ മൃദുല ജലത്തിൽ
തഴുകുവാൻ ഞാൻ കൊതിക്കുന്നു
നിൻ ഓളങ്ങളാൽ നിറയുന്ന നാദം
എൻ കാതുകളിൽ മന്ത്രിക്കുന്നു
കാട്ടുംമേട്ടും താണ്ടി നിൻ സഞ്ചാരം
എന്നെ മതിമറന്ന് നിർത്തുന്നു
ഞാൻ തിരയുന്നു നിൻ
ഒഴുക്കിന്റെ വേഗത
ഞാൻ തിരയുന്നു നിൻ
ഒഴുക്കിന്റെ തീവ്രത
മധുരമാം നിൻ ഒഴുക്കിന്റെ സ്വരം
ഞാൻ ആവോളം ആസ്വദിക്കുന്നു.

-ഫവാസ്. എസ്
9സി

# കഥകൾ

# കാഴ്ച്ചയുടെ അന്ധത

## വെളിച്ചം

**ആഷ്ന ഷംനാദ് 10 ഇ**

മഞ്ഞുകണങ്ങൾ സ്പർശിച്ച പുല്ലുകളിലൂടെ വിനയൻ നഗ്നമായ കാലുകളാൽ നടന്നു. ഇനിയും ഉത്തരമില്ലാത്ത കുറേയേറെ ചിന്തകളിലൂടെ വിനയന്റെ മനസ്സ് ഇടറി നീങ്ങി. ആലോചനയിൽ നിന്നും പെട്ടെന്ന് ഞെട്ടിയുണർത്തുന്ന ശബ്ദം. എന്താണതെന്ന് അവന് തിരിച്ചറിയാൻ കഴിഞ്ഞില്ല.

"എന്താണത് "

നേരിയ ശബ്ദം എന്താണെന്ന് അവന് മനസ്സിലായില്ല.

"എന്താണാവോ നാളേക്കുള്ള സാധനങ്ങൾ ഇന്ന് തന്നെ തയ്യാറാക്കി വെയ്ക്കണം."

വിനയൻ ഒരു മധ്യവയസ്കനാണ്.തന്റെ അമ്മയുടെ മരണശേഷം ഉള്ള ഏകാന്തതയുടെ ജീവിതം അയാളെ ഏറെ വേട്ടയാടിയിരുന്നു.അതിനാൽ തന്നെയും വിനയൻ പുറംനാട്ടിലേയ്ക്ക് പോകുവാൻ തീരുമാനം എടുത്തിരുന്നു.യാത്രയ്ക്കായുള്ള തയ്യാറെടുപ്പിന് ശേഷം തറവാട്ടുകുളത്തിൽ കുളിച്ചതിനു ശേഷം വിളക്കിലെ ഏകാന്തതിരി കത്തിച്ച് ഇരുട്ടിന്റെ മാറ്റൊലി വരുത്തി.

"നാളെ ഞാൻ പട്ടണത്തിൽ പോവുകയാണ്.ഇനിയൊരു തിരികെ യാത്ര ഞാൻ പ്രതീക്ഷിക്കുന്നില്ല.അമ്മ ഉണ്ടായിരുന്നെങ്കിൽ അമ്മ പട്ടണത്തിലേക്ക് വരില്ലെന്ന യാഥാർത്ഥ്യം ഞാൻ തിരിച്ചറിയുന്നുണ്ട്."

അന്ധകാരത്തിന്റെ ഇരുട്ട് മാറുവാൻ കത്തിച്ച വിളക്കിന്റെ തിരി തനിയെ അസ്തമിച്ചു തുടങ്ങിയിട്ടുണ്ട്.അസ്തമയത്തിന് മുൻപായി തന്നെ വിനയൻ അത്താഴം കഴിച്ചിരുന്നു.

"ഈ വിളക്കിലെ എണ്ണ പെട്ടെന്ന് തീർന്നുവോ? എന്തായാലും നേരം ഇത്രയും ഇരുട്ടിയില്ലേ, ഇനി ഉറങ്ങാം. ഇനി എണ്ണ ഒഴിക്കണ്ട.നാളെ നേരത്തെ എഴുന്നേൽക്കണം."


അന്ധതയുടെ ഇരുട്ടിന്റെ മറവിൽ വിനയന്റെ കണ്ണുകളുടെ വെളിച്ചവും അസ്തമിച്ചു. നിശ്ബ്ദത! ഇരുട്ടിന്റെ അന്ധകാരം ഇനിയും മാറിയില്ല. സൂര്യൻ ഇനിയും ഉദിച്ചിട്ടില്ല. വിനയന്റെ യാത്ര ആരംഭിക്കുകയാണ്. വേണ്ടസാധനങ്ങളുമെല്ലാം എടുത്ത് തറവാടിന്റെ വാതിൽ മെല്ലെയൊന്ന് ചാരി. ദീർഘശ്വാസത്തോടെകയ്യിൽ കരുതിയബാഗുകൾ എടുത്ത് മുതുകിൽ പേറി. മലയുടെ ഇരുട്ടിൽ നിന്നും എത്തിനോക്കുന്ന സൂര്യൻ,നനവിന്റെ ഗന്ധത്താൽ കുതിർന്ന വയലുകളും വിനയന്റെ മനസ്സിന്റെ വിങ്ങലിനെ തേങ്ങി.ബസ്സിനു വേണ്ടി കാത്തുനിൽക്കുകയാണ് വിനയൻ .

"ഇത്രനേരമായിട്ടും ബസ്സ് എന്തായില്ലാത്തത്?, അതാ ബസ്സ് വന്നു!" ബസ്സിന്റെ വിൻഡോസീറ്റ് തിരഞ്ഞെടുത്തു.തണുത്ത കാറ്റിന്റെ ആരവം വിനയന്റെ തലമുടി അറിയാതെ തഴുകി.

യാത്രാമധ്യേ വാർധക്യം കവർന്നെടുത്ത ഒരു സ്ത്രീയെ വിനയൻ പരിചയപ്പെടാൻ ഇടയായി. പരിചയമില്ലെങ്കിലും അടുത്തറിയാൻ ഏറെ മനസ്സ് ആഗ്രഹിച്ചു. എന്നിട്ടും വൃദ്ധ വിനയന്റെ തോളിലേയ്ക്ക് ഒന്ന് ചാരി കിടന്നു പെട്ടെന്ന് തന്റെ അമ്മയുടെ ഓർമ്മ ചിത്രം വിനയനിലേയ്ക്ക് അടർന്നു ഉണർന്നു....

പട്ടണത്തിലെ മുഖ്യകവാടത്തിൽ ബസ് നിന്നു.വിനയൻ ബസ്സിൽ നിന്നുമിറങ്ങി. കുറച്ച് നേരം വിനയൻ ബസ്സ് സ്റ്റാന്റിൽ ഇരിക്കുവാൻ തീരുമാനിച്ചു. ഒരു കൈ ഇല്ലാത്ത ബാലൻ അവിടെ യാചിക്കുന്നുണ്ടായിരുന്നു.പക്ഷേ ആരും തന്നെ ആ കുട്ടിയെ കാണാൻ പോലും കൂട്ടാക്കിയില്ല.വിനയന്റെ മനസലിഞ്ഞു.തന്റെ അടുത്തെത്തിയപ്പോൾ വിനയൻ പണം നൽകി എന്നിട്ട് ചോദിച്ചു,

"മോനെ നിന്റെ പേരെന്താ?"
"ഈശ്വരൻ" ആ കുട്ടി മറുപടി പറഞ്ഞു.
ഇത് കേട്ട വിനയൻ ഞെട്ടി. എന്നിട്ട് ചോദിച്ചു
"അതെന്താ ഇങ്ങനെ"
"ആരും തുണയില്ല ഞങ്ങൾക്ക്. ഈ പേരാണ് തന്നത്.
താങ്കൾക്ക് എല്ലാമില്ലേ ഭക്ഷണം, വസ്ത്രം, അമ്മ, അച്ഛൻ
പക്ഷേ  ഞങ്ങൾക്കാരാണുള്ളത്?"
നിഷ്കളങ്കതയോടെ ചോദിച്ച ആ ചോദ്യത്തിനു മുന്നിൽ
വിനയൻ ഉത്തരമില്ലാതെ നിന്നുപോയി!



# പുനർജ്ജീവിതം 

സാന്ദ്ര സന്തോഷ് 10സി

ഒരിക്കൽ ഒരു ചെറുപ്പക്കാരൻ അതീവ ദുഃഖിതനായി കാണപ്പെട്ടു.ഈ സമയത്ത് ആ നാട്ടിൽ ഒരു ഗുരു വരികയുണ്ടയി. ഇത് കേട്ടറിഞ്ഞ ചെറുപ്പക്കാരൻ ഗുരുവിൻെറ അടുക്കൽ ചെന്നു . ആ ചെറുപ്പക്കാരൻ താൻ വളരെ നിരാശനാണ് എന്നും തൻെറ കൈയിൽ പണം ഒന്നും ഇല്ലെന്നും തനിക്ക് ഒരു സന്തോഷവും ഇല്ലെന്നും പറയുകയുണ്ടായി. ഈ സമയത്ത് ഗുരു ചെറുപ്പക്കാരനോട് പറഞ്ഞു . താങ്കളുടെ ഖജനാവിൽ ചെന്ന് തുറന്നു നോക്കാൻ അപ്പോൾ ആ ചെറുപ്പക്കാരൻ തൻെറ കൈയിൽ ഒന്നും തന്നെയില്ല എന്നും താൻ ഒരു പാവപ്പെട്ടവനാണെന്നും പറഞ്ഞു. ഈ സമയം ഗുരു പറഞ്ഞു. 25 ലക്ഷം രൂപ വിലയുണ്ട് താങ്കളുടെ ഒരു കണ്ണിന്. അങ്ങനെ 50 ലക്ഷം വിലമതിക്കുന്ന രണ്ട് കണ്ണുകളും , ജനിച്ച അന്ന് മുതൽ തന്നോട് ചോദിക്കാതെ മിടിക്കുന്ന നിങ്ങളുടെ ഹൃദയവും ,
കമ്പ്യൂട്ടറിനെക്കാൾ കഴിവുള്ള തലച്ചോറും ഉള്ള താങ്കൾ എങ്ങനെയാണ് പാവപ്പെട്ടവനാകുന്നത് .
അതുകൊണ്ട് താങ്കൾ ഒരിക്കലും അലസത കാണിക്കാതെ നമ്മുടെ കഴിവുകൾ പരിപോഷിക്കുക. അതിന് അനുസരിച്ച് ഉള്ള ജോലികൾ ചെയ്ത് സന്തുഷ്ടനായി സ്വയം ഉയരാൻ ശ്രമിക്കുക. മനുഷ്യന് അസാധ്യമായി ഒന്നും തന്നെയില്ല. അവൻെറ കൈകൾ ചെല്ലുന്നിടം പുരോഗമിക്കന്നു. ഗുരു ഇപ്രകാരം പറഞ്ഞ് മടങ്ങി പോവുകയും ചെയ്തു.

വർഷങ്ങൾ കടന്നു പോയി ആ ചെറുപ്പക്കാരൻ ഗുരു പറഞ്ഞ കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിച്ചു. അയാൾ ഉയരങ്ങളിലേക്ക് ചെന്ന് എത്തിപ്പെട്ടു. അന്ന് ഗുരു പറഞ്ഞിരുന്നു. അദ്ദേഹം അന്ന് പറഞ്ഞ വാക്കുകൾ കേട്ട് നന്നായി ഉറങ്ങുന്ന നേരം പുലർന്ന് വരുന്ന നല്ല ദിവസം തൻേറത് ആയിരിക്കും എന്ന്. അത് ഇന്നും ആ ചെറുപ്പക്കാരൻ ഓർക്കുന്നു. ആ ചെറുപ്പക്കാരൻ നിരാശ വെടിഞ്ഞ് ഉയിർത്തെണീറ്റു. ഉയരങ്ങളിൽ തൻേറതായ ലോകം സൃഷ്ടിച്ചു. അതിൽ ആനന്ദം കണ്ടെത്തി.

മനുഷ്യൻ ഒരു വലിയ പ്രതിഭാസമാണ് . പക്ഷേ ആ പ്രതിഭാസം നടക്കണമെങ്കിൽ മനുഷ്യൻ തന്നെ വിചാരിക്കുകയും വേണം. ഇന്ന് ചെയ്യേണ്ടകാര്യം നാളത്തേക്ക് മാറ്റി വയ്ക്കാതെ ഈ നിമിഷം ചെയ്യുക എന്ന് മഹാൻമാർ പറഞ്ഞ് വച്ചത് ഉന്നതികളിൽ മനുഷ്യനെ കൊണ്ടെത്തിക്കാൻ തന്നെയാണ്. ഉള്ളിൽ അന്തർലീനമായ കഴിവുകളെ ഉണർത്തി വളർത്തുക. മനുഷ്യനെസംബന്ധിച്ച് നിരാശ വെറും സമയപരിമിതമാണ് അത് വന്നു പോയികൊണ്ടിരിക്കുന്നു..........

# ഒറ്റപ്പെട്ട പെൺകുട്ടി

ശിവപ്രിയ എസ് 9ഡി

അന്നവൾ രാവിലെ ഉണർന്നത് കിളികളുടെ കലപില ശബ്ദങ്ങൾ കേട്ടിട്ടാണ്.രാവിലെ അവൾക്ക് നല്ല സന്തോഷമായിരുന്നു. കാരണം ഇന്നവളെ ഹോസ്റ്റലിൽ നിന്നും വിളിക്കാൻ അവളുടെ അച്ഛനും അമ്മയും വരും. അവൾ നേരത്തെ കുളിച്ച് ബാഗ് പാക്ക് ചെയ്ത് ഇരുന്നു.

ഓരോ പ്രാവശ്യവും പുറത്ത് കാറിന്റെ ശബ്ദം കേൾക്കുമ്പോൾ അവൾ ഓടിച്ചെന്ന് അത് അവളുടെ രക്ഷകർത്താക്കളാണോ എന്ന് നോക്കും.പക്ഷേ അത് മറ്റ് കുട്ടികളുടെ രക്ഷകർത്താക്കൾ ആയിരുന്നു.അവരുടെ മക്കളെ
അവർ സ്നേഹപൂർവ്വം തിരികെ കൊണ്ട് പോകുന്നത് അവൾ ഇമ വെട്ടാതെ നോക്കി നിന്നു.അവളുടെ കൂടെയുള്ള എല്ലാ കുട്ടികളും തിരികെ വീട്ടിലേക്ക് പോയി.അവൾ മാത്രം ഒറ്റക്കായി.അവൾക്ക് കടുത്ത ഏകാന്തത അനുഭവപ്പെട്ടു.അന്നേ ദിവസം ആഹാരമൊന്നും കഴിക്കാതെ നേരം സന്ധ്യയാകുന്നത് വരെ അവൾ അവരെ കാത്തു നിന്നു.പിറ്റേന്ന് ഉച്ചയായപ്പോൾ ഒരു കാറിന്റെ ശബ്ദം കേട്ട് അവൾ സന്തോഷത്തോടെ പുറത്തേക്ക്.....

തന്റെ മാതാപിതാക്കളെ പ്രതീക്ഷിച്ച സ്ഥാനത്ത് വീട്ടിലെ ഡ്രൈവറെ ആണ് അവൾ കണ്ടത്.പെട്ടന്നവളുടെ ചിരി അപ്രത്യക്ഷമായി.
അവളുടെ സാധനങ്ങളെല്ലാം കാറിന്റെ ഡിക്കിയിൽ വയ്ക്കുമ്പോഴെല്ലാം അവൾക്ക് ചോദിക്കണമെന്ന് ഉണ്ടായിരുന്നു.അവളുടെ രക്ഷിതാക്കൾ എവിടെ എന്ന്,പക്ഷെ അവൾ ചോദിച്ചില്ല.
വീട്ടിൽ അവർ തന്നെ സ്വീകരിക്കാനായി കാത്തു നിൽപുണ്ടാവും എന്നു കരുതി അവൾ സമാധാനിച്ചു.
പക്ഷെ അവളുടെ ചിന്തകൾക്കു വിപരീതമായിരുന്നു അവിടെ സംഭവിച്ചത്.ആ വീടിനുള്ളിൽ അവൾ ആരെ യും കണ്ടില്ല.അവൾക്ക് കഴിക്കാനുള്ള ഭക്ഷണം മേശ യിൽഅടച്ചു വച്ചിരിക്കുകയായിരുന്നു.
തന്റെ മാതാപിതാക്കളെ പ്രതീക്ഷിച്ച സ്ഥാനത്ത് ഒരു തീൻമേശ മാത്രം അവളെ കാത്തിരിക്കുക ആയിരുന്നു.അവൾക്ക് ആ നിമിഷം എന്തെന്നില്ലാതെ വിഷമം തോന്നി.
ഡ്രൈവറും അവളും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു.
രാത്രി അവൾ അവരെ കാത്തിരുന്ന് നേരത്തേ ഉറങ്ങി.അതുകൊണ്ട് അവർ എപ്പോഴാണ് വന്നതെന്ന് അവൾ അറിഞ്ഞില്ല.


പിറ്റേന്ന് സൂര്യകിരണങ്ങളുടെ ചുംബനം മുഖത്തേറ്റ് വാങ്ങിക്കൊണ്ടാണ് അവൾ ഉണർന്നത്.

അവളെ കണ്ടതും അമ്മ
“ഹായ് മോളേ,ഞാൻ ഇന്ന് ഫ്രീ അല്ല...രാത്രി നമുക്ക് സംസാരിക്കാം.”എന്ന് പറഞ്ഞ് പുറത്തേക്ക് പോയി.അച്ഛൻ പിന്നാലെയും.ഡ്രൈവർ അവരെ കൊണ്ടാക്കാനായി പോയി.അവർക്ക് അതിശയം തോന്നി.അവളുടെ അമ്മ തന്നെയാണോ ഇത്. രണ്ടരവർഷമായി അവർ ഹോസ്റ്റലിൽ പോയിട്ട്.അന്നു കണ്ട അവളെ ഇന്നാദ്യമായി കാണുമ്പോൾ ഇങ്ങനെയാണോ പെരുമാറേണ്ടത്.
അവളെ മാതാപിതാക്കൾ മറന്നിരിക്കുന്നു എന്നവൾ ചിന്തിച്ചു.

ഡ്രൈവർ തിരികെ വന്ന് അവളോട് വേഗം റെഡി ആകാൻ പറഞ്ഞു.എന്തിനാണെന്ന് ചോദിച്ചപ്പോൾ "ഒരു സ്ഥലം വരെ പോകാമെന്നാണ് അയാൾ പറഞ്ഞത് ”.അവളൊന്നും പറയാൻ നിക്കാതെ റെഡി ആയി.കാരണം ആരും മിണ്ടാനില്ലാത്ത ആ വീട്ടിൽ ഒറ്റക്ക് നിൽക്കുന്നതിനെക്കാൾ നല്ലതാണ് പുറത്ത് പോകുന്നത് എന്നവൾ കരുതി.അവർ നേരെ പോയത് അവളുടെ തറവാട് വീട്ടിലേക്ക് ആയിരുന്നു.കാറിൽ നിന്ന് ഇറങ്ങിയ ഉടനെ അവൾ മുത്തശ്ശിമുത്തശ്ശീ എന്ന് വിളിച്ചുകൊണ്ടോടി,പക്ഷെ ആരും വന്നില്ല.ആ സമയം ഡ്രൈവർ അവളെ വീടിന്റെ പറമ്പിലേക്ക് കൊണ്ടുപോയി.അവിടെ ഒരു കുഴിമാടമുണ്ടായിരുന്നു.അത് നോക്കി നിന്ന

അവൾ കരഞ്ഞുപോയി.കാരണം അത് അവളുടെ മുത്തശ്ശിയുടെതായിരുന്നു.മുത്തശ്ശിയുടെ മരണം പോലും ആരും അവളെ അറിയിച്ചില്ല.അവൾ അവിടെ നിന്നും ഓടി കാറിലേക്കു കയറിയിരുന്നു.

യാത്ര ചെയ്യുമ്പോളെല്ലാം അവളുടെ മനസ്സിൽ തന്റെ മാതാപിതാക്കളെ കുറിച്ചും,സ്നേഹവതിയായ മുത്തശ്ശിയെക്കുറിച്ചുമുള്ള ചിന്തകളായിരുന്നു. അവൾ ഒരു അനാഥയാണെന്ന് ആ നിമിഷം അവളെ ചിന്തിപ്പിച്ചു.



# തുറുങ്കിലടയ്ക്കപ്പെട്ടപെൺകുട്ടി

അൽഫിയഅസ്‌ലം

മായ ഇന്നും അവിടെ ഒരു അടിമയായിത്തന്നെനിൽക്കുന്നു.ഒരു ഭാര്യയെന്ന പരിഗണന അവൾക്ക് ലഭിച്ചതേയില്ല.തനിക്ക് പഠിച്ച് വലിയ നിലയിൽ എത്തണം എന്ന സ്വപ്നത്തെ വെട്ടിമുറിച്ച് തന്റെ വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങിയത് ഇന്നും അവളുടെ മനസ്സിൽ ഒരു നീറ്റൽപോലെ കിടക്കുന്നു.അവളുടെ ആഗ്രഹം ഒരു താലിയാൽ അവസാനിച്ചു.ശങ്കർ എന്നഅവളുടെ ഭർത്താവ് അവൾക്ക് ഒരു പരിഗണനയും നൽകിയിരുന്നില്ല.എപ്പോഴും ജോലിയുടെ തിരക്കിലായിരുന്ന അയാൾ അവളുടെ ആഗ്രഹങ്ങൾക്ക്ഒരുവിലയുംനൽകിയിരുന്നില്ല
.

ഒരിക്കൽ മായ ശങ്കറിനോട് തന്റെ ഒരു ചെറിയആഗ്രഹംപറഞ്ഞു,"നമുക്കൊരു സിനിമയ്ക്ക് പോയാലോ"? എന്നാൽ ശങ്കർ അവളോട് ദേഷ്യപ്പെടുകയാണ് ചെയ്തത്."നീ എന്റെയും അമ്മയുടെയും കാര്യം നോക്കി ഇവിടെ നിന്നാൽ മതി. ആദ്യം നീ പോയി എന്റെ വസ്ത്രം ഇസ്തിരിയിട്ട് വെക്ക്". ഇത് മായയിൽ വളരെയേറെ വിഷമമുണ്ടാക്കി.എങ്കിലുംഅവൾഅത്കാര്യമാക്കിയില്ല. കാരണം അവരുടെ വിവാഹത്തിന് ശേഷം ശങ്കർ ഇന്നുവരെ അവളുടെ ഒരാഗ്രഹവും സാധിച്ചുകൊടുത്തിട്ടില്ല.

അവളുടെ അമ്മായിയമ്മ ദുഷ്ടയായ ഒരു സ്ത്രീ ആയിരുന്നു.അവർ അവളെ വളരേയേറെ കഷ്ടപ്പെടുത്തിയിരുന്നു.ഇതെല്ലാം സഹിച്ച് മായ വളരെ വേദനയോടെയായിരുന്നു അവിടെ നിന്നിരുന്നത്. ഇതൊന്നും അവൾ ശങ്കറിനോട് പറഞ്ഞിരുന്നില്ല.കാരണം അമ്മ പറയുന്നത് മാത്രമേ അയാൾകേട്ടിരുന്നുള്ളൂ.ഒന്നു മനസ്സു തുറന്നു തന്റെ സങ്കടങ്ങൾ പറയാൻ അവൾക്ക് ആരുമില്ലായിരുന്നു.

ഒരിക്കൽ മായക്ക് ഒരു കത്ത് വന്നു.അവൾ പഠിച്ചിരുന്ന വിദ്യാലയത്തിലെ കുട്ടികൾ ഒരുമിച്ചുക്കൂടുന്നു.അതിനു വേണ്ടിയുള്ള ഒരു ക്ഷണകത്തായിരുന്നു അത്.ആദ്യംഅവളത് വായിച്ചപ്പോൾ സന്തോഷിച്ചെങ്കിലും പിന്നീട് അത് അവൾക്ക് നിരാശയുണ്ടാക്കി.കാരണം അതിനുവേണ്ടി പോകുവാൻ ശങ്കർ സമ്മതിക്കുകയില്ല. എന്നാലും ശങ്കറിനോട് സമ്മതം ചോദിക്കാമെന്ന് കരുതി .അവൾ അയാളുടെ അടുത്ത് ചെന്ന് ഇങ്ങനെചോദിച്ചു.

"എനിക്കൊരു കത്ത് വന്നു, പഴയ കൂട്ടുകാർ ഒന്നിക്കുന്നുണ്ട്.അതിന്എന്നെക്ഷണിച്ച കത്താണിത്.ഈവരുന്ന ഞായറാഴ്ച്ചയാണ് സംഗമം.ഞാൻപൊയ്ക്കോട്ടെ."എന്നാൽവിസ്മയമെ ന്ന് പറയാം,അയാൾ അതിനു സമ്മതം മൂളി. മായയ്ക്ക് സന്തോഷമായെങ്കിലും ആ സംഗമത്തിന് തന്റെ കൂടെ ശങ്കർ വേണമെന്നുള്ള ആഗ്രഹമുണ്ട്.എന്നാൽ ഇതും അവൾ അയാളോട് മടിക്കാതെ ചോദിച്ചു.പക്ഷെ ശങ്കർ അവളോട് ദേഷ്യപ്പെടുകയാണ് ചെയ്തത്.മായ വിഷമത്തോടെ


ദേഷ്യപ്പെടുകയാണ് ചെയ്തത്.മായ വിഷമത്തോടെ അവിടെ നിന്ന് കരഞ്ഞു.ശങ്കർ പുച്ഛത്തോടെ അവിടെ നിന്നും പോയി.

അങ്ങനെ കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞായറാഴ്ച്ച വന്നെത്തി.ഇന്നായിരുന്നു അവൾക്ക് പോകേണ്ടത്.അവൾ തന്റെ കൂട്ടുകാരെ കാണാനുള്ള ആകാംക്ഷയിലായിരുന്നു.അവൾ വിദ്യാലയത്തിലെ സംഗമത്തിനു പോയി.അവൾ തന്റെ പ്രിയപ്പെട്ട കൂട്ടുകാരെ കണ്ടതിലുള്ള സന്തോഷത്തിലായിരുന്നു.അതോടൊപ്പം അവിടെ വെച്ച് വിഷമകരമായ ഒരു കാര്യം കൂടി അവൾ കണ്ടു.അവിടെ എല്ലാവരും കുടുംബത്തോടൊപ്പമാണ് നിൽക്കുന്നത്.അവൾക്കത് സങ്കടകരമായി.അവളുടെ ഭർത്താവ് മാത്രം അവളുടെ കൂടെയില്ല.പലരും അവളോട് ചോദിച്ചു.അവൾ പറഞ്ഞത് ജോലിത്തിരക്കിലാണെന്നാണ്.സങ്കടം ഉള്ളിൽ വെച്ച് വീർപ്പുകെട്ടി നിൽക്കുകയാണ് അവൾ.

സംഗമം കഴിഞ്ഞതിന് ശേഷം അവൾക്ക് എല്ലാവരുടെയും മുന്നിൽ നിന്നുണ്ടായ ചോദ്യവും സങ്കടവും കൊണ്ട് അവൾ ശങ്കറിന്റെയടുത്ത് പോയി അവൾ ചോദിച്ചു."ഞാൻ നിങ്ങൾക്ക് ആരാണ് "?ഒരു കൊച്ചുകുട്ടിയെന്ന രീതിയിൽ കരഞ്ഞുകൊണ്ട്

അവൾ ചോദിച്ചു.അതിനു ശങ്കറിനു കൊടുക്കാൻ ഒരു മറുപടിയുണ്ടായിരുന്നെങ്കിലും  പറയാൻ അയാളുടെ ചുണ്ടുകൾ വിറച്ചു.കാരണം    അയാൾക്ക് അറിയാമായിരുന്നു. അവൾക്ക് ചെയ്തു കൊടുക്കേണ്ട കടമകൾ  ഇതുവരെ ചെയ്തുകൊടുത്തിട്ടില്ല എന്നുള്ളത്.

നിഷ്കളമെങ്കിലും മൂർച്ചയേറിയ ആ ചോദ്യംകേട്ട് എന്തു മറുപടി പറയണം എന്നറിയാതെ അയാൾ നിന്നുപോയി...



# ഉത്തരമില്ലാത്തജീവിതം

എന്നും കാലത്തെതന്നെ എഴുന്നേൽക്കുന്നത് അയാൾക്ക് ശീലമായി.ശീലമായതല്ല ശിലമാക്കേണ്ടി വന്നതാണ്. കഠിനമായി ജോലി ചെയ്യുന്ന ഒരാൾക്ക് പുലർച്ചെ എഴുന്നേൽക്കുക അസാധ്യമാണെങ്കിലും ഒരു ദിവസത്തെ ഭക്ഷണത്തിനുള്ള സമ്പാധ്യത്തിനായി അയാൾ മടികൂടാതെ കാര്യങ്ങൾ ചെയ്തിരുന്നു. സമുഹത്തിൽ യാതൊരു വിലയും ലഭിക്കാതെ, എന്നാൽ കഠിനമായ അധ്വാനത്തിലൂടെ മാത്രം ജീവിക്കുന്ന ഒരു വിഭാഗമുണ്ട് , ഇന്ന് പലരും അവരെ മറന്നിരിക്കുന്നു. ഒരു കാലത്ത് കേരളത്തിന്റെ സംസ്കാരവും സമ്പത്തും, അഹങ്കാരവും ഇവരായിരുന്നു .തീർച്ചയായും അത് കർഷകർ തന്നെയാണ്. മറ്റുള്ളവരുടെയും സ്വന്തം ഭൂമിയിലുമൊക്കെയായി ഉഴുതും വിയർപ്പ് ഇറ്റിയും അവർ പണിയെടുക്കുന്നു. തന്റെ ജീവിതത്തിൽ യാതൊരു മാറ്റവും സംഭവിക്കില്ല എന്ന് അറിയാമെങ്കിലും അവർ വിശ്രമിക്കുന്നില്ല . അധ്വാനിച്ച് ഒരു നേരത്തെ ആഹാരമെങ്കിലും കഴിക്കുന്നതിന്റെ അന്തസ്സും സന്തോഷവും അവർ അറിഞ്ഞിട്ടുണ്ട്. ദാരിദ്ര്യത്തിനുമപ്പുറമാണ് അവരുടെ ജീവിതമെങ്കിലും സ്നേഹം കൊണ്ടും ത്യാഗം കൊണ്ടും ഇണങ്ങി ബന്ധങ്ങൾ വീഴ്ച വരുതാത്ത ഉള്ളതുകൊണ്ട് സന്തോഷത്തോടെ അവർ ദിവസങ്ങൾ നീക്കുന്നു. ഇന്ന് നമ്മൾ കേട്ട് മറന്ന പേരാണ് 'കർഷകൻ'എന്നത്.

ഒരു സത്യസന്ധനായ കർഷകനോട് ഒരു

കുട്ടി ചോദിച്ചു:-''താങ്കൾ എന്നും ജോലിക്ക് പോകാറുണ്ടല്ലോ,ഞാൻ കാണാറുണ്ട് . എന്നാൽ പണ്ട് മുതലേ ഞാൻ കാണാറുണ്ട്.''ദിവസങ്ങൾ പോകുന്തോറും നിങ്ങളുടെ ആവേശം കൂടുന്നു,എന്നാൽ 'ദാരിദ്ര്യത്തിൻെറ പ്രതീകമായി' ഈ നാട്ടുകാർ കാണുന്നതും നിങ്ങളെയാണ്. എന്താണ് നിങ്ങൾ പ്രതികരിക്കാത്തത്?

ആ കർഷകൻ ഒരു നിമിഷം മൗനമായി നിന്നു.''

നിഷ്കളങ്കമെങ്കിലും മൂർച്ചയേറിയ ആ ചോദ്യം കേട്ട് എന്തു പറയണം എന്ന് അറിയാതെ അയാൾ നിന്നു പോയി.''

എന്റെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ട്.പണ്ടത്തെക്കാൾ സന്തോഷിക്കാൻ എനിക്ക് കഴിയുന്നുണ്ട്-സ്വന്തമായി അധ്വാനിച്ച് കഴിയുന്നതിൻ്റ സന്തോഷം. ഈ കർഷകൻ അതിനേക്കാൾ വലുതൊന്നും ആഗ്രഹിക്കുന്നില്ല. ന്യായമായ കൂലി ആഗ്രഹിച്ചിരുന്ന കാലം ഉണ്ടായിരുന്നു,ജീവിച്ച്കാണിക്കണമെന്ന തോന്നൽ ഉണ്ടായിരുന്നു.എന്നാൽ സമൂഹത്തിൽ താൻ ഇതൊന്നും അർഹിക്കുന്നില്ല എന്ന് വിശ്വസിക്കാൻ ശ്രമിക്കുന്ന അന്യായത്തെ മനസ്സിലാക്കിയപ്പോൾ സ്വയം ആഗ്രഹങ്ങളെ ഒളിപ്പിച്ചു.മറ്റുള്ളവരുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയാത്ത ജീവിതം ആണ് എൻെറ. അതുകൊണ്ട്,ഞാൻ ഒന്നിനും ചെവി കൊടുക്കാറില്ല. അല്ലെങ്കിലും ഒന്നിനും മറുപടി പറയാതെ മൗനമായിരിക്കുന്നതു പണ്ട് മുതലേ കർഷകരുടെ ശീലമായിക്കഴിഞ്ഞതാണ്-''കണ്ണുകൾ നനഞ്ഞ് അയാൾ പറഞ്ഞു.

സങ്കടവും കുറ്റബോധവും സഹതാപവും എല്ലാം കലർന്ന ഭാവമായിരുന്നു ആ കുട്ടിയ്ക്ക്.ഒരു ദീർഘനിശ്വാസത്തിനപ്പുറം മറുപടി പറയാനോ ആശ്വസിപ്പിക്കാനോ അവന കഴിഞ്ഞില്ല.

അവൻ അവിടെ നിന്നും ഒഴിഞ്ഞു മാറി. തികച്ചും

**സമൂഹത്തിലേക്ക് ഉയർന്ന് വരേണ്ട ഒരു വിഭാഗമാണ് കർഷകർ.എന്നാൽ ജീവിതം കൊണ്ട് പരാജയപ്പെട്ടവർ മനസ്സുകൊണ്ട് സന്തോഷിക്കുന്നു.താൻ ചെയ്യുന്ന കാര്യത്തിൽ സന്തോഷിക്കാൻ കഴിയുകയെന്നത തന്നെയാണ് ചോദ്യങ്ങൾക്കുള്ള അയാളുടെ മറുപടിയും. “ദാരിദ്ര്യത്തിന്റെയല്ല,ത്യാഗത്തിന്റെ പ്രതീകമാണ് കർഷകർ”.**

# മരണവര

ജന്മഭദ്ര 9ഇ

ഹാരിയും കൂട്ടുകാരും ഒരു വഴിയിലൂടെ അതിമനോഹരമായ ഒരു ലോകത്ത് എത്തി. അവിടെ മൃഗങ്ങളെയും പക്ഷികളെയും ഒന്നും കാണുന്നില്ല.  പൂമ്പാറ്റകൾ ഉണ്ട്.ആ സ്ഥലത്തെ കാഴ്ചകൾ അതിമനോഹരമാണ്. നല്ല സുന്ദരമായ വെള്ളച്ചാട്ടം, മലകൾ അവർ കണ്ടതിൽ വെച്ച് ഏറ്റവും നല്ല സ്ഥലം. നടന്ന്  നടന്ന് നമ്മൾ ഒരു ചുവന്ന വരയുടെ അടുത്ത് എത്തി. അത് കടന്നപ്പോൾ ഒരു പച്ച വാതകം വന്നു. അപ്പോൾ നമ്മൾ പുറത്തേക്ക് ഓടി. അപ്പോഴാണ് ഹാരിയുടെ അമ്മ മരിച്ച വിവരം അപ്പോൾ ആരോ പറഞ്ഞു. നമ്മളുടെ സംശയം ആ ചുവന്ന വര മരണ വര ആണോ എന്നാണ്.

# ഉപന്യാസം

# ലഹരിയും പുതുതലമുറയും

ആലിയ റഹ്മത്ത് 9ഡി

ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹിക വിപത്താണ്. ഇത് പുതിയ തലമുറയുടെ ഭാവി നശിപ്പിക്കുന്നു.ഇന്നത്തെ സമൂഹത്തെ ഇത് ആഴത്തിൽ ബാധിച്ചിരിക്കുന്നു.വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം ദിനംപ്രതി വർദ്ധിച്ചുവരുകയും ചെയ്യുന്നു. മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയാണ് പ്രധാന ലഹരി പദാർത്ഥങ്ങൾ. പലരൂപത്തിൽ ഇന്ന് ലഹരി വസ്തുക്കൾ വിപണിയിൽ എത്തുന്നു.14-30 വരെ പ്രായമുള്ളവരിലാണ് ലഹരിയുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്നത്.ലഹരി എന്താണ് എന്നറിയാനുള്ള ആകാംക്ഷ അതിൽ നിന്നും ഉണ്ടാകും എന്നു കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, വിഷാദം, ക്ഷീണം എന്നിവ മാറ്റാൻ ലഹരിക്കുകഴിയും എന്ന തെറ്റിദ്ധാരണ, അരക്ഷിതാവസ്ഥ തുടങ്ങിയ സാഹചര്യങ്ങളാണ് ഒരാൾ ലഹരിയുടെ അടിമയാകുന്നതിന് കാരണം. 1987 മുതൽ എല്ലാ ജൂൺ 26നും ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ നാം ലഹരി വിരുദ്ധ ദിനം ആചരിക്കുന്നു.ലഹരിയുടെ പിടിയിൽ നിന്നും ഈ ലോകത്തെ സംരക്ഷിക്കുന്നതിന് വേണ്ടി പരമാവധി ലഹരിയിൽ നിന്നും നാം അകന്നു നിൽക്കുകയും ലഹരിക്കെതിരെ ബോധവത്കരണം നടത്തുകയും ചെയ്യണം. ഇങ്ങനെ നമ്മുടെ ചുറ്റുപാടിനെ നമുക്ക് ലഹരിമുക്തമാക്കി മാറ്റാം.

# സമൂഹവും പകർച്ചവ്യാധികളും

ദേവിക ഷാജി 10ഇ

നമ്മുടെ സമൂഹത്തിൽ പകർച്ചവ്യാധികൾ കൂടുകയാണ്.ഡെങ്കിപ്പനി, നിപ, കൊറോണ തുടങ്ങിയ എത്രയെത്ര പകർച്ചവ്യാധികളാണ് നമുക്ക് ചുറ്റും ഉണ്ടാവുന്നത്. ഈ അടുത്ത കാലത്താണ് ഇവ ഒരുപാട് കൂടുന്നതായിനാംകാണുന്നത്.ആരോഗ്യകരമല്ലാത്ത ഭക്ഷണരീതിയാണ് ഇതിന്റെ കാരണം.ഭക്ഷണം കഴിക്കുമ്പോൾ നല്ലതാണോ ചീത്തയാണോ എന്ന് നാം ചിന്തിക്കുന്നില്ല.കുട്ടികളുടെ ഫാസ്റ്റ് ഫുഡിനോടുള്ള താത്പര്യം അവരെ അനാരോഗ്യരാക്കുന്നു. കൊറോണ,നിപ,ഡെങ്കി,ചെങ്കണ്ണ് അങ്ങനെ ഒന്നിനു പുറകെ ഒന്നായി രോഗങ്ങൾ നമ്മുടെ സമൂഹത്തിൽ വരാൻ കാരണവും അത് തന്നെയാണ്. പണ്ട് നമ്മുടെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കാലത്ത് ഇത്രയും രോഗമുണ്ടായിരുന്നില്ല.അതിന് കാരണം അവരുടെ ഭക്ഷണരീതിയും ജീവിതശൈലിയും തന്നെയാണ്.

ഇന്ന് കൃഷി നിലച്ചതോടെ അന്യസംസ്ഥാനങ്ങളെ നമ്മൾ ആശ്രയിക്കാൻ

തുടങ്ങി.വിഷമടിച്ച പച്ചക്കറികൾ കഴിച്ചാൽ പ്രതിരോധശേഷിക്ക് പകരം രോഗമാണ് നമ്മെ പിടികൂടുക. കൃഷി ചെയ്ത് നല്ല ഭക്ഷണം കഴിച്ചാൽ നമ്മുടെ പ്രതിരോധശേഷി വർദ്ധിക്കും.അതിലൂടെ ഒരു പരിധി വരെ നമുക്ക് പകർച്ചവ്യാധികളിൽ നിന്നുംരക്ഷപ്പെടാം.

മനുഷ്യന്റെ പ്രകൃതിക്ക് നേരെയുള്ള ചൂഷണങ്ങളും ഇതിന് ഒരു കാരണമാണ്.പ്രകൃതി നമ്മെ സ്നേഹിക്കുന്നു.നമുക്ക് വേണ്ട ജലവും വായുവും ഭക്ഷണവുമെല്ലാം തരുന്നു.നാം അതിന് പ്രതിഫലമായി പ്രകൃതിയെ ദ്രോഹിക്കുകയാണ് ചെയ്യുന്നത്.വികസനം എന്നതിന്റെ പേരിൽ അറിഞ്ഞും അറിയാതെയും നാം പ്രകൃതിയെ വേദനിപ്പിക്കുന്നു.പക്ഷെ ഇതിന് ഒരു തിരിച്ചടിയായി നഖത്തിലും പല്ലിലും രക്തമൊലിപ്പിച്ച് കൊണ്ട് ഉഗ്രരൂപിണിയായി പ്രകൃതി നമുക്ക് മുന്നിൽ എത്തുന്നു.പ്രകൃതിയുടെ ഈ പക വലിയ പ്രകൃതി ദുരന്തമായോ പകർച്ചവ്യാധിയായൊ നമുക്ക് മുന്നിൽ എത്തുന്നു.മുരുകൻ കാട്ടാക്കടയുടെ "പകയുണ്ട് ഭൂമിയ്ക്ക് മലകൾക്ക് പുഴകൾക്ക് "എന്നു തുടങ്ങുന്ന "പക" എന്ന കവിതയിൽ അത് വ്യക്തമായി പറയുന്നുണ്ട്.നാം ചെയ്യുന്ന തെറ്റിന്റെ ഫലമാണ് ഇന്ന് നാം അനുഭവിക്കുന്നത്. ഇപ്പോഴത്തെതുടർച്ചയായുള്ള പകർച്ച വ്യാധികൾക്കും കാരണം ഇതുതന്നെയാണ്. നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് തിരിച്ചടിയായി പ്രകൃതി പകർച്ചവ്യാധികളുടെ രൂപത്തിൽ നമ്മെ കാർന്നുതിന്നുന്നു

.

വൃത്തിഹീനമായ പരിസരവും സമൂഹത്തിൽ പകർച്ചവ്യാധികൾ കൂട്ടുന്നു. ഉദാഹരണമായി കൊതുകുകൾ ഡെങ്കിപ്പനി വ്യാപകമായി പരത്തുന്നു.കൊതുകുകൾ ഉണ്ടാകുന്നത് വൃത്തിഹീനമായ ചുറ്റുപാടിൽ നിന്നാണ്.പരിസരം വൃത്തിയാക്കുന്നതിനായി നാം ഡ്രൈ ഡേ ആചരിക്കുന്നു.എന്നാൽ ഇന്നത് പേരിൽ മാത്രമായി ഒതുങ്ങുന്നു.പരിസരം വൃത്തിയാക്കണം,രോഗങ്ങളിൽ നിന്ന് രക്ഷ നേടണം എന്ന് ആരും തന്നെ ചിന്തിക്കുന്നില്ല.എല്ലാവരുംഅവരവരുടെജോലിയിലും ജീവിതംകൂടുതൽ ആഡംബരമാക്കുന്നതിലും മാത്രം ശ്രദ്ധിക്കുന്നു.ആഴ്ചയിലൊരിക്കലെങ്കിലും വീടും പരിസരവും വൃത്തിയാക്കുകയും ഡ്രൈ ഡേ ആചരിക്കുകയും ചെയ്യണം.വൃത്തിയുള്ള ചുറ്റുപാടിൽ രോഗങ്ങൾകുറവായിരിക്കും.

പകർച്ചവ്യാധികൾ കൂടുന്ന ഈ സമയത്ത് നാം രോഗം വന്നതിനുശേഷം ചികിത്സിക്കാൻ നിൽക്കാതെ രോഗം വരാതിരിക്കാൻ കഴിയുന്ന പ്രവർത്തികൾ ചെയ്യണം.നമുക്ക് കഴിയുന്ന രീതിയിൽ ഇതിനായി പ്രവർത്തിക്കാം.

# കടംകഥകൾ

*ഞെട്ടില്ല വട്ടയില - പപ്പടം

*കാള കിടക്കും കയറോടും - മത്തങ്ങ

*കയ്ക്കും പുളിക്കും കടുകടെ മധുരിക്കും കണ്ണിമേൽ ഉണ്ണിമാങ്ങ - നെല്ലിക്ക

*ഓടും കുതിര ,ചാടും കുതിര ,വെള്ളം കണ്ടാൽ നിൽക്കും കുതിര- ചെരുപ്പ്

* ആമയിലാണെൻ ആദ്യം , ചേനയിലാണെൻ അവസാനം - ആന

*മരിച്ചാൽ വീണ്ടും ജനിക്കുന്നത് - പല്ല്

*മുറ്റത്തെ ചെപ്പിനടപ്പില്ല - കിണർ

*കണ്ണില്ലാത്തവരും കണ്ണുള്ളവരും ഒരേപോലെ കാണുന്നത് - സ്വപ്നം

ജന്മഭദ്ര 9ഇ

# പഴഞ്ചൊല്ലുകൾ

1) കാക്ക  കുളിച്ചാൽ  കൊക്കാകില്ല ......

2)  കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.....

3) പശുവിന്റെ കടിയും മാറും,കാക്കയുടെ

വിശപ്പും തീരും....

4)കടൽ കാഞ്ഞാൽ കുതിര വയ്ക്കോലും തിന്നും....

5)കുരയ്ക്കും പട്ടി കടിക്കില്ല

6)കുറുക്കൻ ചത്താലും കണ്ണ്  കോഴിക്കൂട്ടിൽ

തന്നെ.....

7)വാ വിട്ട വാക്കും, കൈ വിട്ട ആയുധവും

തിരിച്ചെചടുക്കാനാവില്ല.....

8)കൊക്കെത്ര കുളം കണ്ടതാ....

9)ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ

കൊതുകിന്നു കൗതുകം..

10)കുരങ്ങിന്റെകയ്യിൽ പൂമാല പോലെ...

ശേഖരണം-ഷഫ്ന 9 സി

# മഹത് വചനങ്ങൾ

## എ . പി .ജെ അബ്ദുൽ കലാം

“ആദ്യ പരാജയം അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത്. കാരണം വിജയകരമായ ഒരു കണക്ക് പോലും തുടങ്ങുന്നത് സീറോയിൽ നിന്നാണ് .”

"ഒരു നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക് സമാനമാണ് എന്നാൽ ഒരു നല്ല സുഹൃത്ത്ഒരു നല്ല ഗ്രന്ഥശാലയ്ക്ക്സമാനമാണ്.”

"ഒരു രാഷ്ട്രത്തിന്റെ നല്ല തലച്ചോറുകൾ ഒരു പക്ഷെ ക്ലാസ് മുറികളിലെ അവസാന ബെഞ്ചുകളിലായിരിക്കും.”

- ജന്മഭദ്ര

# ഇന്ത്യ

ആദ്യത്തെ രാഷ്ട്രപതി – ഡോ.രാജേന്ദ്ര പ്രസാദ്

ആദ്യത്തെ പ്രധാനമന്ത്രി – ജവഹർലാൽ നെഹ്റു

ദേശീയ പുഷ്പം –താമര

ദേശീയ മൃഗം –കടുവ

ദേശീയ ഫലം – മാങ്ങ

ദേശീയ പക്ഷി – മയിൽ

ദേശീയ കായികവിനോദം –ഹോക്കി

നിലവിലുള്ള രാഷ്ട്രപതി – ദ്രൗപദി മുർമു

ജനസംഖ്യ കൂടിയ സംസ്ഥാനം – ഉത്തർപ്രദേശ്

ജനസംഖ്യ കുറഞ്ഞ സംസ്ഥാനം –സിക്കിം

ഭാഷ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ആദ്യം രൂപംകൊണ്ട സംസ്ഥാനം –ആന്ധ്രാപ്രദേശ്

ഇന്ത്യയുടെ തലസ്ഥാനം –ന്യൂ ഡെൽഹി

സംസ്ഥാനത്തിൻെറ എണ്ണം –28

കേന്ദ്രഭരണപ്രദേശത്തിൻെറ എണ്ണം –8

ജിയ എ എൻ 9ഇ

# പഴഞ്ചൊല്ലുകൾ

1)ഗതികെട്ടാൽ പുലി പുല്ലും തിന്നും...

2)ഗരുഡൻ ആകാശത്തിൽ പറക്കും, ഈച്ച അങ്കണത്തിൽ പറക്കും...

3)ചങ്ങാത്തി നന്നായാൽ കണ്ണാടി വേണ്ട...

4)ചുട്ടവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും...

5)ചെമ്മീൻ ചാടിയാൽ മുട്ടോളം പിന്നെയും ചാടിയാൽ ചട്ടിൽ...

6)ഞാൻ ഞാനല്ലാതായാൽ പിന്നെ നായയാണ്...

7)തന്നോളം പോന്നാൽ മകനേയും താനെന്നും വിളിക്കണം...

8)താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും...

9)താനിരിക്കേണ്ടിടത്ത് താനിരുന്നില്ലെങ്കിൽ അവിടെ നായ കയറി ഇരിക്കും...

10)ദാരിദ്ര്യം എന്തെന്നതറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ...

–ശേഖരണം ആലിയ 9സി

# ജി.എച്ച്.എസ്സ്.ചിതറ

*പരീക്ഷിച്ച് പഠിക്കാൻ ആധുനിക ലാബുകൾ

*വിവിധ ക്ലബ്ബുകൾക്കൊപ്പം ഇപ്പോൾ ഫിലിം ക്ലബ്ബും

*അവധിക്കാല കായിക പരിശീലനം.

*സൗജന്യ കളരി,കരാട്ടേ പരിശീലനം.

*സർഗവാസന പരിപോഷിപ്പിക്കാൻ അവധിക്കാല ക്യാമ്പുകൾ

*രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ്

*വാഹന സൗകര്യം

* വായന പരിപോഷിപ്പിക്കുന്നതിന് വിപുലമായ ലൈബ്രറി സൗകര്യം

*അത്യാധുനിക സൗകര്യങ്ങളോടെയുള്ള എ.റ്റി.എൽ ലാബ്

*എസ്.എസ്.എൽ.സി പരീക്ഷയിൽ മികവാർന്ന വിജയം

*ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിശീലനം

*എൻ.എം.എം.എസ്,യു.എസ്.എസ് പരിശീലന ക്ലാസുകൾ

*കലോത്സവത്തിൽ മികച്ച വിജയം

*ക്യൂ.ഐ.പി ശ്രദ്ധാ ക്ലാസുകൾ

*സ്മാർട്ട് ക്ലാസ് റൂമുകൾ

*ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി, എസ്.പി.സി തുടങ്ങിയവ..